ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/17521/2025-GEA3 തീയതി: 27-06-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരായ ശ്രീമതി.പ്രബിത പ്രകാശ്, ശ്രീ.മുഹമ്മദ് സജിൽ.കെറ്റി എന്നിവരുടെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നത്- സംബന്ധിച്ച്

സൂചന:
1. പഞ്ചായത്ത് ഡയറക്ടറുടെ 27.05.2022 തീയതിയിലെ PAN-1805/2022-E6(DP) നമ്പർ ഉത്തരവ്
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ-ന്റെ 06.06.2022 ലെ DDP-TSR/583/2022-E2 നമ്പർ കത്ത്
3. തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21.08.2024 ലെ LSGD/JD/TSR/6978/2024-A7 നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 തീയതിയിലെ PAN-20015/2018-E6(DP) നമ്പർ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ സൂചന (1) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീമതി. പ്രബിത പ്രകാശ്.കെ, ഒരുമനയൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി എന്നിവർ തെറ്റായ സീനിയോറിറ്റി ക്രമത്തിൽ ഉൾപ്പെട്ടിരുന്നു. ജില്ലാ തല സീനിയോറിറ്റി പട്ടികയിൽ ശ്രീമതി പ്രബിത പ്രകാശ്.കെ ശൂന്യവേതനാവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിച്ച തീയതി 25.10.2021 എന്നും ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി-യുടെ പേരിന് നേരെ Inter Department എന്നും തെറ്റായ രേഖപ്പെടുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സൂചന (1) സംസ്ഥാന തല സീനിയോറിറ്റി പട്ടികയിലും സീനിയോറിറ്റി ക്രമം തെറ്റായി ഉൾപ്പെടുത്തൽ വന്നിട്ടുള്ളത്. ടി ജീവനക്കാരുടെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ സൂചന (3) പ്രകാരം ശ്രീമതി.പ്രബിത പ്രകാശ്.കെ തൃശ്ശൂർ ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേരള പബ്ളിക്ക് സർവ്വീസ് കമ്മിഷന്റെ 17.09.2014 ലെ നിയമന ശുപാർശ പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ 25.10.2014 തീയതി സേവനത്തിൽ പ്രവേശിച്ച ശ്രീമതി.പ്രബിത പ്രകാശ്.കെ 01.11.2015 മുതൽ KSR ഭാഗം I അനുബന്ധം XII C പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതാനാവധിയിൽ പ്രവേശിക്കുകയും 11.11.2020-ന് തിരികെ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീമതി.പ്രബിത പ്രകാശ്.കെ-യുടെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ടിയാൾ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിച്ച 11.11.2020 അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കേണ്ടത്. ആയത് പ്രകാരം സൂചന(1) അന്തിമ സീനിയോറിറ്റി

പട്ടികയിൽ ശ്രീമതി. പ്രബിത പ്രകാശ്.കെ -യുടെ സ്ഥാനം ക്രമ നം.65 വിനേഷ് കുഞ്ഞുമോൻ, ക്രമ നം.66.സുധീഷ്.പി.എസ് എന്നിവർക്കിടയിലായി ക്രമ നം. **65 A** ആയി താത്ക്കാലികമായി പുന:ക്രമീകരിക്കുന്നതിനും പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ടിയാൾ നിലവിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ള ക്രമ നം.**416** DELETED എന്ന് രേഖപ്പെടുത്തുന്നതിനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. കൂടാതെ ക്ലർക്ക് തസ്തികയിലെ നിയമന ശുപാർശ തീയതി അടിസ്ഥാനമാക്കി ശ്രീമതി പ്രബിത പ്രകാശ് ഉൾപ്പെട്ടിട്ടുള്ള സൂചന (4) സീനിയോറിറ്റി പട്ടികയിലെ ക്രമ നം.526 -ൽ നിന്നും ടിയാളുടെ പേര് ഒഴിവാക്കി ക്രമ നം.**526** DELETED എന്ന് രേഖപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ 03.08.2021 നിയമന ശുപാർശ തീയതി പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി-യെ ടിയാൾ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 14.09.2021 അടിസ്ഥാനമാക്കി IDT എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് സൂചന(1) അന്തിമ സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 382 ആയി ക്രമീകരിച്ചിട്ടുള്ളത്. നിയമന ശുപാർശ തീയതിയായ 03.08.2021 അടിസ്ഥാനമാക്കി ക്ലർക്ക് തസ്തികയിൽ സീനിയോറിറ്റിയ്ക്ക് അർഹതയുള്ളതിനാൽ ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി-യെ നിയമന ശുപാർശ തീയതി അടിസ്ഥാനമാക്കി സൂചന(1) അന്തിമ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ നിയമന ഉത്തരവിലെ ക്രമ പ്രകാരം ക്രമ നം. 306 സുലക്ഷണ എ.എൻ, ക്രമ നം. 307 സോജി. എസ്.ജെ എന്നിവർക്കിടയിലായി **ക്രമ നം.306 A** ആയി ഉൾപ്പെടുത്തുന്നതിനും ശ്രീ.മുഹമ്മദ് സജിൽ കെ.റ്റി തെറ്റായി ഉൾപ്പെട്ട ക്രമനം.382 DELETED എന്ന് രേഖപ്പെടുത്തുന്നതിനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്കാലിക തീരുമാനങ്ങളിൽ ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം ആക്ഷേപങ്ങൾ ഒന്നും ലഭ്യമാകാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രസ്തുത താത്കാലിക തീരുമാനം അന്തിമമാക്കി ഉത്തരവാകുന്നതാണ്.

Prasannakumar V D
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി.പ്രബിത പ്രകാശ്, ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി (തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സീനിയർ സൂപ്രണ്ട്,IE-സെക്ഷൻ
4. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം

Signed by Prasannakumar.
V. D
Date: 27-06-2025 11:22:22